"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള വികസന പദ്ധതി - ശ്രീ. വിജയകുമാറിന് ലഭിച്ച ഭവന നിർമ്മാണ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ചു കൊണ്ട് പ്രമാണം തിരികെ നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2981/2025/LSGD തീയതി,തിരുവനന്തപുരം, 18-12-2025

---

പരാമർശം:-

1. ശ്രീ. വിജയകുമാർ 29.08.2024 ൽ സമർപ്പിച്ച അപേക്ഷയിന്മേലുള്ള ജില്ലാതല തദ്ദേശ അദാലത്ത് തീരുമാനം
2. തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 30.04.3035, 03.06.2025 തീയതികളിലെ 2581807 -2024 നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം പട്ടം സ്വദേശി ശ്രീ. വിജയകുമാറിന് തിരുവനന്തപുരം നഗരസഭയുടെ കേരള വികസന പദ്ധതി പ്രകാരം 2006-07 വർഷത്തിൽ ഭൂമി വാങ്ങുന്നതിന് 30,000/- രൂപയും ഭവന നിർമ്മാണത്തിനുള്ള 35,000/- രൂപയിൽ 27,500/- രൂപയും അനുവദിച്ചിരുന്നു. ഗതാഗത സൗകര്യമില്ലാത്ത സ്ഥലമായതിനാൽ അടിസ്ഥാനം നിർമ്മിക്കാൻ മാത്രം 65,000/- രൂപയായി. ലോട്ടറി കച്ചവടം നടത്തി തുച്ഛമായ വരുമാനത്തിൽ ജീവിക്കുന്ന ടിയാൻ മൂന്നു ഗഡു തുക കൈപ്പറ്റിയിട്ടും അടിസ്ഥാനം മാത്രമാണ് പണിതിട്ടുള്ളത്. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം ഭവന നിർമ്മാണം പൂർത്തിയായാൽ മാത്രമേ പ്രമാണം തിരികെ നൽകാൻ സാധിക്കുകയുള്ളൂ. കൈപ്പറ്റിയ തുകയും പലിശയും ഒടുക്കാതെ പ്രമാണം തിരികെ ലഭിക്കുന്നതിന് ടിയാൻ തദ്ദേശ അദാലത്തിൽ അപേക്ഷ സമർപ്പിക്കുകയും, കൗൺസിൽ തീരുമാനത്തിനും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കും വിധേയമായി ടിയാന്റെ പ്രമാണം തിരികെ നല്കുന്നതിനാവശ്യമായ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് പരാമർശം 1 പ്രകാരം തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. ടിയാൻ കൈപ്പറ്റിയ തുകയും പലിശയും ഒഴിവാക്കി പ്രമാണം തിരികെ നൽകുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം 2 പ്രകാരം കോർപ്പറേഷൻ സെക്രട്ടറി ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം പട്ടം സ്വദേശി ശ്രീ.

വിജയകുമാറിന് തിരുവനന്തപുരം നഗരസഭയുടെ കേരള വികസന പദ്ധതി പ്രകാരം ലഭ്യമായ ഭവന നിർമ്മാണ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ച് കൊണ്ട് പ്രമാണം തിരികെ നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ശ്രീ. വിജയകുമാർ, TC 2/2284,ടി.പി.ജെ റോഡ്, പ്ലാമൂട് ,പട്ടം , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 18-12-2025 09:53:20

സെക്ഷൻ ഓഫീസർ